LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ ശാലകളിലെ പണിമുടക്ക്

41 [472] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ഡി. സതീശൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് ബോണസ് തർക്കത്തെ തുടർന്ന് ഏതെങ്കിലും തൊഴിൽശാലകളിൽ പണിമുടക്ക് ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ പണിമുടക്ക് എപ്രകാരം അവസാനിച്ചു;

(ഡി) ഇക്കഴിഞ്ഞ ഓണത്തിന് അംഗീകൃത സ്വകാര്യ തൊഴിൽശാലകൾ നൽകിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ ബോണസ് നിരക്ക് എത്ര രൂപ വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഓണക്കാലത്ത് ബോണസ് സംബന്ധമായ തർക്കങ്ങൾ പല സ്ഥാപനങ്ങളിലും ഉണ്ടായിട്ടുണ്ട്. ഏതെങ്കിലും സ്ഥാപനത്തിൽ പണിമുടക്ക് ഉണ്ടായതായി വിവരം ലഭിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

മിനിമം വേതനം നടപ്പാക്കാൻ നടപടി

42 [473] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കിയിട്ടുള്ള തൊഴിലാളി വിഭാഗങ്ങൾ ഏതൊക്കെയാണെന്നും, ഓരോ വിഭാഗത്തിന്റെയും മിനിമം വേതനം എത്രയാണെന്നും വെളിപ്പെടുത്തുമോ;